# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം : 419 — 10-06-2014-ൽ മറുപടിക്ക്

### ഫീൽഡ് ജീവനക്കാരുടെ സുരക്ഷയ്ക്കുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. കെ. ശശീന്ദ്രൻ<br>'' തോമസ് ചാണ്ടി | ശ്രീ. ആര്യാടൻ മുഹമ്മദ്.<br>(ഊർജ്ജ വകുപ്പ് മന്ത്രി.) |

| ചോദ്യം | ഉത്തരം |
|---|---|
| (എ) വൈദ്യുതി ബോർഡിന്റെ ഫീൽഡ് ജീവനക്കാർക്ക് മതിയായ സുരക്ഷാ സൗകര്യങ്ങൾ ഒരുക്കുന്നതിലുള്ള വീഴ്ച സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ ഫലമായി കഴിഞ്ഞ വർഷം വൈദ്യുതി അപകടങ്ങളിൽ മരണമടഞ്ഞവരുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) 2013-14 ൽ വൈദ്യുത അപകടങ്ങളിൽ മരണമടഞ്ഞവരിൽ 8 പേർ ബോർഡ് ജീവനക്കാരും 8 പേർ കരാർ തൊഴിലാളികളുമാണ്. ടി അപകടങ്ങൾ സുരക്ഷാ ചട്ടങ്ങൾ കർശനമായി പാലിക്കുന്നതിൽ വീഴ്ച വരുത്തുന്നതു കൊണ്ടാണ് മിക്കപ്പോഴും സംഭവിക്കുന്നത്. |
| (ബി) ജീവനക്കാർക്ക് ഗുണമേന്മയേറിയ സുരക്ഷാ ഉപകരണങ്ങൾ വാങ്ങുന്നതിന് ഗുണ പരിശോധനാ വിഭാഗം ഇപ്പോൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇതിന് ബദലായി എന്തു സംവിധാനമാണ് നിലവിൽ ഉള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) സുരക്ഷാ ഉപകരണങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള പ്രത്യേക പരിശോധനാ വിഭാഗം ബോർഡിൽ ഇപ്പോൾ നിലവിലില്ല. ) ഗുണനിലവാരം ഉറപ്പാക്കിയിട്ടുള്ള സുരക്ഷാ ഉപകരണങ്ങളാണ് ജീവനക്കാർക്ക് വാങ്ങി നൽകുന്നത്. |
| (സി) എല്ലാ ഫീൽഡുതല ജീവനക്കാർക്കും ആവശ്യമായ റബ്ബർ കയ്യുറകൾ, റെയിൻകോട്ട്, ഹെൽമറ്റ്, സേഫ്റ്റി ബെൽറ്റ് തുടങ്ങിയ വിവിധ സുരക്ഷാ ഉപകരണങ്ങളും ഓരോ ഓഫീസിലും ആവശ്യത്തിനുള്ള ഏണികൾ, എർത്ത് | (സി) വിതരണ മേഖലയിൽ വൈദ്യുത പ്രതിഷ്ഠാപനങ്ങളിൽ സുരക്ഷിതമായി ജോലി ചെയ്യുന്നതിനാവശ്യമായ സുരക്ഷാ ഉപകരണങ്ങൾ എല്ലാ സെക്ഷൻ ആഫീസുകളിലും ഉണ്ടെന്ന് ഉറപ്പാക്കണമെന്നും ആവശ്യമായവ വാങ്ങി |

| | |
|---|---|
| റോഡ്, എർത്ത് ചെയിൻ തുടങ്ങി ഫീൽഡ് ആവശ്യത്തിനുള്ള ഉപകരണങ്ങളും ലഭ്യമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ? | നൽകണമെന്നും ഫീൽഡ് ആഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**